## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2636 — 20/06/2013 ൽ മറുപടിക്ക്

### എസ്. എസ്. എ. ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ച എസ്. എസ്. എ. ഫണ്ട് എത്രയായിരുന്നു; | എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ ഫണ്ട് 523 കോടി രൂപയാണ്. |
| ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ബി) 2012-13 ൽ അനുവദിച്ച 523.01 കോടി രൂപയിൽ ഓപ്പണിംഗ് ബാലൻസ്, കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭ്യമാകുന്നത്), സംസ്ഥാന പ്ലാൻ ബഡ്ജറ്റ് വിഹിതം, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക എന്നീ ഇനങ്ങളിലായി ആകെ ലഭ്യാമായത് 483.67 കോടി രൂപയാണ്. ആയതിൽ 429.70 കോടി രൂപ ചെലവഴിച്ചു (82%). 53.97 കോടി രൂപ ചെലവഴിക്കാതെ ബാക്കിയുണ്ട്. ഹെഡ് ടീച്ചർ, പാർട്ട് ടൈം ഇൻസ്ട്രക്ടർ എന്നീ അധ്യാപക നിയമനങ്ങൾ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ മാനദണ്ഡം അനുസരിച്ച് നടത്താത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. അധ്യാപക പരിശീലനത്തിനും പൂർണ്ണമായും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| സി) ചെലവഴിക്കാനാകാതെ ലാപ്സായ തുക എത്രയെന്ന് വിശദമാക്കാമോ; ഈ തുക ഏതെല്ലാം ഇനത്തിൽ ചെലവഴിക്കേണ്ടതായിരുന്നുവെന്ന് അറിയിക്കാമോ? | സി) തുക ലാപ്സായിട്ടില്ല. 2012-13 വർഷം ബാക്കിയുള്ള 53.97 കോടി രൂപ 2013-14 വർഷത്തേക്ക് ക്യാരിഓവർ ചെയ്ത് ചെവഴിക്കുന്നതാണ്. അധ്യാപകർക്കുള്ള |

ശമ്പളം, അധ്യാപക പരിശീലനം, എന്നി

ഇടപെടൽ മേഖലകളിലാണ് പ്രധാനമായും

ബാക്കിയുള്ള തുക ചെലവഴിക്കേണ്ടിയിരുന്നത്

സെക്ഷൻ ഓഫീസർ